കേരള സംഗീത നാടക അക്കാദമി
KERALA SANGEETHA NATAKA AKADEMI
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone : Office : 0487-2332134, 2332548
Secretary : 0487-2327427
Fax : 0487-2332548
e-mail : ksnakademi@gmail.com
Website : www.keralasangeethanatakaakademi.in

നമ്പർ : എ2/651/2020 26-02-2021

പ്രസിദ്ധീകരണത്തിന് :

**കേരള സംഗീത നാടക അക്കാദമി**
**അമേച്വർ നാടകസമിതികൾക്കുള്ള സഹായത്തിന് അപേക്ഷ ക്ഷണിച്ചു.**

കേരളത്തിന്റെ നവോത്ഥാന മുന്നേറ്റങ്ങളെ നിർണ്ണായകമായി സ്വാധീനിച്ച രംഗകലാമാധ്യമമാണ് നാടകം. ആധുനിക സാംസ്കാരിക കേരള നിർമ്മിതിയുടെ ആണിക്കല്ലും ജനകീയ നാടക പ്രസ്ഥാനങ്ങളാണ്. നിരവധി രംഗപാഠ പരീക്ഷണങ്ങളിലൂടെ മുന്നേറി അമേച്വർ നാടകപ്രസ്ഥാനം ശക്തമായ രാഷ്ട്രീയ വിചാരത്തിന്റെയും മൂല്യബോധത്തിന്റെയും പ്രതീകമായി മാറുന്നതിന് നാടകരംഗം സാക്ഷ്യം വഹിച്ചിട്ടുണ്ട്. എന്നാൽ മാറിയ ജീവിത സാഹചര്യത്തിലും കലാസമിതി പ്രവർത്തനങ്ങളുടെ ശൈഥില്യത്തിലും നാടകത്തെ ഗൗരവപൂർവ്വം സമീപിക്കുന്ന അമേച്വർ നാടകപ്രസ്ഥാനം പ്രതിസന്ധി നേരിടുകയാണ്.

കോവിഡാനന്തര ജീവിതം നമ്മുടെ സമസ്ത മേഖലകളെയും വിപരീതമായി ബാധിക്കുമ്പോൾ അത് കേരളത്തിലെ അമേച്വർ നാടക പ്രസ്ഥാനങ്ങളെയും ദുർബ്ബലപ്പെടുത്തിയിട്ടുണ്ട്. ഈയൊരു പ്രത്യേകസാഹചര്യത്തിൽ സംസ്ഥാന സർക്കാർ കേരളത്തിലെ അമേച്വർ നാടക പ്രസ്ഥാനത്തിന്റെ സമഗ്രമായ ഉന്നമനം മുൻനിർത്തി, തെരഞ്ഞെടുക്കപ്പെട്ട 25 നാടക സംഘങ്ങൾക്ക് കേരള സംഗീത നാടക അക്കാദമി വഴി 2,00,000/- രൂപ വീതമുള്ള ധനസഹായം നൽകുകയാണ്.

പ്രസ്തുത ധനസഹായത്തിന് വേണ്ടി നാടക സംഘങ്ങളിൽ നിന്നും പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു.അപേക്ഷാഫോറവും നിയമാവലിയും ലഭിക്കുന്നതിന് 10/- രൂപയുടെ സ്റ്റാമ്പൊട്ടിച്ച കവർ സഹിതം സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി, തൃശൂർ - 20 എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും 2021 ഏപ്രിൽ 16 ന് വൈകുന്നേരം 5 മണിക്ക് മുൻപായി അക്കാദമിയിൽ ലഭിച്ചിരിക്കേണ്ടതാണ്. അക്കാദമിയുടെ വെബ്സൈറ്റിലും അപേക്ഷാഫോറവും നിയമാവലിയും ലഭ്യമാണ്.

വെബ്സൈറ്റ് **www.keralasangeethanatakaakademi.in**

അനുബന്ധം :

1 നാടകസംഘങ്ങൾ ചുരുങ്ങിയത് 5 വർഷത്തെ പ്രവർത്തനരേഖകൾ ഹാജരാക്കേണ്ടതാണ്.
2 നാടകസംഘം കലാസമിതികളായി രജിസ്റ്റർ ചെയ്തിരിക്കണം.
3 വിദഗ്ധ സമിതിയുടെ നേതൃത്വത്തിലായിരുക്കും നാടകസംഘങ്ങളുടെ തെരഞ്ഞെടുപ്പ്.
4 സംവിധായകക്കുറിപ്പ് സമർപ്പിക്കേണ്ടതാണ്.
5 നാടകം നിർമ്മിക്കുന്നതിന് 1 ലക്ഷം രൂപയും ചുരുങ്ങിയത് 2 വേദികളിലെങ്കിലും നാടകം അവതരിപ്പിക്കുന്നതിന് 50,000/- രൂപ വീതം 1 ലക്ഷം രൂപയും ഉൾപ്പെടെ 2 ലക്ഷം രൂപയാണ് അക്കാദമി അനുവദിക്കുക. സംഘത്തിന് വരുന്ന മറ്റു യാതൊരു ചെലവുകളും അക്കാദമി വഹിക്കുന്നതല്ല.

.......2

6. സ്ക്രിപ്റ്റിന്റേയും സമിതിയുടെ/സംവിധായകന്റെ പ്രവർത്തനപരിചയത്തിന്റേയും സംവിധായകക്കുറിപ്പിന്റേയും അടിസ്ഥാനത്തിലായിരിക്കും വിദഗ്ദ്ധസമിതി നാടകങ്ങൾ തെരഞ്ഞെടുക്കുക.
7. ആവശ്യമെങ്കിൽ വിദഗ്ദ്ധസമിതി/പ്രതിനിധി റിഹേഴ്സൽ കണ്ട് വിലയിരുത്തുന്നതായിരിക്കും.
8. നാടകാവതരണം ഒന്നരമണിക്കൂറിനും രണ്ടു മണിക്കൂറിനും ഇടയിൽ ദൈർഘ്യമുള്ളതായിരിക്കണം.

സെക്രട്ടറി

സി.പി.എസ്